"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മണർകാട് ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. സോണിയ ജോസിന് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2638/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/12/2021

പരാമർശം:- 1. ശ്രീമതി. സോണിയ ജോസ് സമർപ്പിച്ച 20.07.2017 ലെ അവധി അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 27.07.2019, 10.11.2021 തീയതികളിലെ PAN/9486/2019-E5(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

1. കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിൽ 25/11/2000 മുതൽ ദിവസവേതനത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി. സോണിയ ജോസിനെ 04/08/2012 ലെ സ.ഉ(ആർ.ടി) 2145/2012/തസ്വഭവ ഉത്തരവ് പ്രകാരം 09/02/2010 പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നു. എന്നാൽ വാഹനാപകടത്തെ തുടർന്ന് 10/01/2012 മുതൽ 19/09/2012 വരെ 253 ദിവസം ടിയാൾ ജോലിക്ക് ഹാജരായിരുന്നില്ല. ദിവസവേതനക്കാരിയായ ടിയാൾക്ക് അവധി ആനുകൂല്യങ്ങൾ ഇല്ലാതിരുന്ന പ്രസ്തുത കാലയളവ് ക്രമവൽക്കരിക്കുന്നതിനായി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും പരാമർശം (1) പ്രകാരം സമർപ്പിച്ചു. 09/02/2010 മുതൽ ടിയാളുടെ സേവനം ക്രമവൽക്കരിച്ചിട്ടുള്ളതിനാൽ ശൂന്യവേതനാവധിയായി മേൽ കാലയളവ് പരിഗണിക്കാവുന്നതാണെന്ന ശുപാർശയോടെ ടി അവധി അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

2. ശ്രീമതി. സോണിയ ജോസിന്റെ 20.07.2017 ലെ അവധി അപേക്ഷയിൽ കാറപകടത്തെതുടർന്ന് കാല് ഒടിഞ്ഞ് ചികിൽസയിലായതിനാൽ 10.01.2012 മുതൽ 19.09.2012 വരെ മെഡിക്കൽ ലീവ് അനുവദിക്കണമെന്ന് അപേക്ഷിച്ചു. മണർകാട് ഗ്രാമപഞ്ചായത്തിൽ 25/11/2000 മുതൽ ദിവസവേതനത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി. സോണിയ ജോസിനെ 04/08/2012 ലെ സ.ഉ(ആർ.ടി) 2145/2012/തസ്വഭവ ഉത്തരവ് പ്രകാരം 09/02/2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയിരുന്നു. 10.01.2012 മുതൽ ആശുപത്രിയിൽ അഡ്മിറ്റായിരുന്നതായുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും 20.09.2012 മുതൽ ജോലിയിൽ പ്രവേശിക്കുന്നതിന് മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ടി രണ്ട് സർട്ടിഫിക്കറ്റുകളും 19.09.2012 തീയതിയിൽ നൽകിയിട്ടുള്ളതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുന്നവർ കൃത്യ സമയത്ത് അവധി അപേക്ഷ സമർപ്പിക്കേണ്ടതും രണ്ടാം വൈദ്യ പരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെടുത്താതിരിക്കേണ്ടതുമാണ്. 10.1.2012 മുതൽ 19.9.2012 വരെയുള്ള കാലയളവിലേക്ക് ശ്രീമതി.

സോണിയ ജോസ് അവധി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 2017 ലാണ് എന്നതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൻ പ്രകാരം 2000 ഒക്ടോബർ മുതൽ മണർക്കാട് ഗ്രാമപഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരികയായിരുന്ന ശ്രീമതി സോണിയജോസിനെ 04/08/2012 ലെ സ.ഉ(ആർ.ടി) 2145/2012/തസ്വഭവ ഉത്തരവ് പ്രകാരം 09/02/2010 മുതൽ മണർക്കാട് ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിയമിച്ചുകൊണ്ടും ടിയാളുടെ നിയമനം 09/02/2010 മുതൽ ക്രമവൽക്കരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ടെന്നും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരവെ 10.01.2012 ൽ ജോലിക്ക് ഓഫീസിൽ വരവെ ശ്രീമതി സോണിയ ജോസിന് ഒരു വാഹനാപകടത്തിൽ പരിക്ക് പറ്റുകയും കാലിൽ ഒടിവ് പറ്റി പ്ലാസ്റ്റർ ഇടുകയും ചെയ്ത കാരണത്താൽ ടി കാലയളവിൽ ദിവസ വേതനാടിസ്ഥാനത്തിലുള്ള ജോലിയിൽ തുടരാൻ സാധിച്ചിരുന്നില്ലായെന്നും 19/09/2012 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി 20/09/2012 ൽ ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തുവെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. സ.ഉ(ആർ.ടി) 2145/2012/തസ്വഭവ പ്രകാരം ടിയാളുടെ നിയമനം 09/02/2010 മുതൽ ക്രമവൽക്കരിച്ചുകൊണ്ട് ഉത്തരവായത് കൊണ്ടാണ് ശ്രീമതി സോണിയജോസ് വാഹനാപകടത്തെ തുടർന്ന് ജോലിക്ക് ഹാജരാകാതിരുന്ന 10.01.2012 മുതൽ 19/09/2012 വരെയുള്ള ഹാജരില്ലായ്മ ക്രമവൽക്കരിക്കുന്നതിനായി ടിയാളുടെ അവധി അപേക്ഷ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്നും ശ്രീമതി സോണിയജോസിനെ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നേരിൽ കേട്ടതിൽ നിന്നും ടിയാരി ഹാജരാക്കിയ മെഡിക്കൽ രേഖകളിൽ നിന്നും ടിയാൾക്ക് 10.01.2012 മുതൽ 19/09/2012 വരെ ഔട്ട് പേഷ്യന്റ് എന്ന നിലയിൽ തുടർചികിത്സ നടത്തേണ്ടി വന്നതിനാലാണ് വിശ്രമകാലയളവ് വ്യക്തമാക്കാതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്. ടിയാളുടെ അനധികൃത ഹാജരില്ലായ്മ ക്രമവൽക്കരിക്കുന്നതിനായി ശ്രീമതി സോണിയജോസിനോട് അപേക്ഷ സമർപ്പിക്കുവാൻ മണർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടും ടിയാരിയുടെ ഭാഗത്ത് നിന്നും ആവശ്യമായ രേഖകൾ സമയബന്ധിതമായി സമർപ്പിക്കാൻ കാലതാമസം നേരിട്ടതു മൂലമാണ് അപേക്ഷ സമർപ്പിക്കാൻ കാലതാമസം ഉണ്ടായത് എന്ന വിവരവും തുടർ നടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചു.

3. പഞ്ചായത്തുകളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കേരള പാർട്ട് ടൈം കണ്ടിജന്റ് റൂൾസ് പ്രകാരമുള്ള സേവന വ്യവസ്ഥകളാണ് പിൻതുടരുന്നത്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05.07.2017 ലെ സ . ഉ ( പി ) നം 8/2017/ഉഭപവ ഉത്തരവ് പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ / മെഡിക്കൽ ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരിധി നിലവിലുള്ള 120 ദിവസത്തിൽ നിന്നും 240 ദിവസമായി ഉയർത്തികൊണ്ടും 120 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയിലും അതിന് മുകളിൽ 240 ദിവസം വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിലും നിക്ഷിപ്തമായിരിക്കുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് മുൻകാല പ്രാബല്യമില്ല. മാത്രവുമല്ല ശ്രീമതി. സോണിയ ജോസിന് 10.01.2012 മുതൽ 19.09.2012 വരെ അവധി ആവശ്യമായതിനാൽ ഒരു കലണ്ടർ വർഷം തന്നെ ആകെ 253 ദിവസം അവധി അനുവദിക്കേണ്ടതുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സാഹചര്യങ്ങളിൽ മണർകാട് ഗ്രാമപഞ്ചായത്തിലെ

പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. സോണിയ ജോസിന്റെ അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റുകളും പരിഗണിച്ച് ടിയാൾക്ക് കേരള പർട്ട് ടൈം കണ്ടിജന്റ് ചട്ടം 14(b) പ്രകാരവും 05.07.2017 ലെ സ.ഉ(പി)നം 8/2017/ഉഭപവ ഉത്തരവ് പ്രകാരവും, ടി ചട്ടങ്ങളിൽ ഇളവ് നൽകി. 10.01.2012 മുതൽ 19.09.2012 വരെയുള്ള കാലയളവ് ആർജിതാവധിയ്ക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. സോണിയ ജോസ്, പാർട്ട് ടൈം സ്വീപ്പർ, മണർകാട് ഗ്രാമപഞ്ചായത്ത് (സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത് മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല.

സെക്രട്ടറി, മണർകാട് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/105/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ